**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5025** **01-11-2021 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ ഫയർ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി ദേവസ്വം ഭൂമി തരം മാറ്റുന്നതിന് ഗുരുവായൂർ ദേവസ്വം ബോർഡ് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഗുരുവായൂർ ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി ദേവസ്വം ഭൂമി തരം മാറ്റുന്നത് സംബന്ധിച്ച വിഷയത്തിന്മേലുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ അഭിപ്രായം സഹിതം പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനായി, തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. |
| (ബി) | ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ആർ.ഡി.ഒ. ഓഫീസിൽ എത്ര ഫയലുകളാണ് തീർപ്പാക്കാനുള്ളത് എന്ന് തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ച് വരുന്നു. ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട്, തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസിൽ നിലവിലുള്ള, 4923 അപേക്ഷകൾ, തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത ഫയലുകൾ വേഗത്തിൽ തീർപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (സി) | ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ ബാക്കിയുള്ള ഫയലുകൾ, അടിയന്തിര പ്രാധാന്യം നൽകി എത്രയും വേഗത്തിൽ തീർപ്പാക്കുന്നതിന് വേണ്ടി മാത്രമായി, കൂടുതൽ ക്ലാർക്കുമാരെ നിയോഗിച്ചിട്ടുള്ളതും, അപേക്ഷകളിൽ റിപ്പോർട്ട് ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ് . |

സെക്ഷൻ ഓഫീസർ